# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4760 29.06.12-ൽ മറുപടിക്ക്.

## ത്രിതല പഞ്ചായത്തുകളുടെ വാർഷിക പദ്ധതി നിർവ്വഹണത്തിൽ നീന്തൽ പരിശീലനം ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ഡോ.എം.കെ.മുനീർ<br>(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ത്രിതല പഞ്ചായത്തുകളുടെ വാർഷിക പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മേഖലകൾ തിരിച്ചിട്ടുണ്ടോ എന്നും മേഖലകൾഏതൊക്കെ എന്നും എത്ര ശതമാനം വീതമാണ് ഓരോ മേഖലയ്ക്കും നീക്കി വെയ്ക്കപ്പെട്ടിട്ടുള്ളത് എന്നും വ്യക്തമാക്കാമോ; | (എ) തിരിച്ചിട്ടുണ്ട്. ഉൽപാദനം, സേവനം, പശ്ചാത്തലം എന്നീ 3 മേഖലകളായാണ് തിരിച്ചിട്ടുള്ളത്. പശ്ചാത്തലമേഖലയ്ക്ക് ബ്ലോക്ക്/ ഗ്രാമ പഞ്ചായത്തുകൾക്ക് (പരമാവധി) 45%വും, ജില്ലാ പഞ്ചായത്തുകൾക്ക് 50%വും ആണ്. ഉൽപാദന മേഖലയ്ക്കും സേവന മേഖലയ്ക്കും പരിധി നിശ്ചയിച്ചിട്ടില്ല. |
| (ബി) ഇങ്ങനെയുള്ള ഓരോ മേഖലയിലും, മാൻഡേറ്ററിയായി ഉൾപ്പെടുത്തേണ്ട പദ്ധതികളും പദ്ധതി നടത്തിപ്പിനായി നീക്കി വെയ്ക്കേണ്ട വിഹിതം എത്ര ശതമാനവും എന്ന് സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെ എന്നും നിശ്ചയിക്കപ്പെട്ടിട്ടുള്ള ശതമാനം എത്ര എന്നും വ്യക്ത മാക്കാമോ; | (ബി) ഉണ്ട്.വനിതാഘടക പദ്ധതിയ്ക്ക് 10%വും കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, മറ്റ് ദുർബലവിഭാഗങ്ങൾ, പാലിയേറ്റീവ് കെയർ എന്നിവർക്ക്വേണ്ടി ചുരുങ്ങിയത് 5% വും നീക്കിവയ്ക്കണം. |
| (സി) നീന്തൽ അറിയാത്തതു മൂലം നിരവധിപേർ ഓരോ വർഷവും മുങ്ങി മരിക്കുന്നതിനാൽ സേവന മേഖലയിലുൾപ്പെടുത്തി നിർബന്ധമായും ചെയ്യേണ്ടുന്ന പ്രോജക്ടുകളുടെ പട്ടികയിൽ നീന്തൽ പരിശീലനം ഉൾപ്പെടുത്താനും അതിന് സേവന മേഖലയ്ക്ക് | (സി) ഇപ്പോൾസർക്കാരിന്റെ പരിഗണനയിലില്ല |

അനുവദിക്കുന്ന ശതമാന ത്തിന്റെ നിശ്ചിത ശതമാനം മാനഡേറ്ററി ആക്കി നീക്കി വെയ്ക്കാനും സർക്കാർ തയ്യാറാകുമോ; ഇതു സംബ ന്ധിച്ച എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്ത മാക്കുമോ:

(ഡി) പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിൽ പഠി ക്കുന്ന മുഴുവൻ വിദ്യാർ ത്ഥികൾക്കും നീന്തൽ പരിശീ ലനം ലഭിക്കുംവിധം പഞ്ചായ ത്തുകളുടെ വാർഷിക പദ്ധതി യിൽ ഇത് ഒരു മാൻഡേറ്ററി ഇനമായി ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്ത മാക്കാമോ?

(ഡി) ഓരോ പ്രദേശത്തിന്റെയും ആവശ്യം കണക്കിലെടുത്ത് പദ്ധതികൾ തെരഞ്ഞെടു ക്കാനുള്ള സ്വാതന്ത്ര്യം മേഖലാ നിബന്ധനകൾക്ക് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി യിട്ടുണ്ട്.

സെക്ഷൻ ഓഫീസർ